പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2655

19/07/2011-ൽ മറുപടി നൽകേണ്ടിയിരുന്നത്

പി.എസ്.സി യെ നിയമനം ഏൽപ്പിച്ച സ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) പി.എസ്.സി യെ നിയമനം ഏൽപ്പിച്ച നിരവധി സ്ഥാപനങ്ങളിൽ നിയമന ചട്ടം അംഗീകരിച്ചു കിട്ടാത്തതിനാൽ പി.എസ്.സിക്ക് തുടർ നടപടികൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) വർഷങ്ങൾക്കു മുമ്പ് നിയമനം പി.എസ്.സിക്ക് വിട്ട ഈ സ്ഥാപനങ്ങൾ ഇപ്പോൾ താൽക്കാലിക നിയമനം നടത്തുകയോ പിന്നീട് ചട്ടങ്ങൾ മറികടന്ന് ജീവനക്കാരെ സ്ഥിരപ്പെടുത്തുകയോ ചെയ്യുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) പരിശോധിച്ചിട്ടില്ല. |
| (സി) നിയമനം പി.എസ്.സിക്ക് വിട്ടാൽ അത്തരം സ്ഥാപനങ്ങളിൽ പിന്നീട് പി.എസ്.സിയുടെ അനുമതി ഇല്ലാതെ നിയമനം നടത്താൻ നിലവിലുള്ള ചട്ടം അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ കാര്യം പരിശോധിക്കുമോ; | (സി) പി.എസ്.സി വഴി നിയമനം നടത്തുന്ന തസ്തികകളിൽ മറ്റു രീതികളിലുള്ള സ്ഥിരം നിയമനം നടത്താൻ (ആശ്രിത നിയമനം ഒഴികെ) ചട്ടം അനുവദിക്കുന്നില്ല. |
| (ഡി) നിയമനം ഇതിനകം പി.എസ്.സിക്ക് വിട്ടതും നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ നിയമനം പൂർണ്ണമായും പി.എസ്.സി ഏറ്റെടുത്തിട്ടില്ലാത്തതുമായ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; | (ഡി) 1.<br>i) പോലീസ് വകുപ്പിലെ 14 സാങ്കേതിക തസ്തികകൾ<br>ii) 4 സിവിൽ തസ്തികകൾ<br>iii) ക്യാമ്പ് ഫോളോവർ<br>iv) പാർട്ട് ടൈം സ്വീപ്പർ<br>2. കോളേജ് വിദ്യാഭ്യാസ വകുപ്പിലെ മ്യൂസിക് കോളേജ് (സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ്)<br>3) കേരള ട്രഷറി സർവ്വീസ്<br>4) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ്<br>5) മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്<br>6) ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്<br>7) മാർക്കറ്റ്ഫെഡ്<br>8) തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകൾ |

9) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ
10) ബാംബൂ കോർപ്പറേഷൻ
11) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്
12) കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ
13) കേരള ഗാർമന്റ്സ് ലിമിറ്റഡ്
14) കേരള സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡ്
15) കേരള ആട്ടോമൊബൈൽ ലിമിറ്റഡ്
16) കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്
17) കേരള ഫീഡ്സ് ലിമിറ്റഡ്
18) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്
19) കേരളത്തിലെ സർവ്വകലാശാലകളിലെ അനധ്യാപക തസ്തികകൾ

(ഇ) നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇവയിലെ നിയമനം പൂർണ്ണമായും എന്ന് പി.എസ്.സിക്ക് വിടാനാകുമെന്ന് അറിയിക്കുമോ?

(ഇ) നിയമനം പബ്ളിക് സർവ്വീസ് കമ്മീഷന് വിടുന്ന സ്ഥാപനങ്ങളുടെ നിയമനചട്ടം തയ്യാറാക്കി പി.എസ്.സി യുമായി കൂടിയാലോചിച്ചശേഷം സർക്കാർ ഇതിന് അംഗീകാരം നല്കും ഇക്കാര്യത്തിൽ നടപടി പൂർത്തിയാകുന്നമുറയ്ക്ക് പി.എസ്.സിക്ക്വിടുന്നതാണ്.

സെക്ഷൻ ഓഫീസർ